താലൂക്ക്, വില്ലേജ് വിഭജനം

53 (863) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ചുവർഷങ്ങളായി റവന്യൂവകുപ്പ് സൂക്ഷിക്കുന്ന താലൂക്ക്, വില്ലേജ് വിഭജനം സംബന്ധിച്ച ഫയലിൽ തീർപ്പ് കൽപ്പിച്ചുവോ ;

(ബി) ഇവ നടപ്പിലാക്കാനുള്ള കാലതാമസം വിശദീകരിക്കുമോ ;

(സി) കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം, തൃക്കരിപ്പൂർ, മലയോര താലൂക്കുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ,ബി&സി) ഇല്ല. സെൻസസ് കാരണം അതിർത്തി വ്യതിയാനങ്ങൾ നിറുത്തിവച്ചിരിക്കുകയാണ്. മാത്രവുമല്ല, റവന്യൂ യൂണിറ്റുകളുടെ വിഭജനം സർക്കാരിന് വളരെയധികം സാമ്പത്തികഭാരം ഉണ്ടാക്കുന്ന കാര്യമാണ്. എന്നിരുന്നാലും ജനസംഖ്യയുടെയും വിസ്തീർണ്ണത്തിന്റെയും അടിസ്ഥാനത്തിലും സാമൂഹികവും ഭൂമിശാസ്ത്രപരവുമായ പിന്നോക്കാവസ്ഥ കണക്കിലെടുത്തും ചില താലൂക്കുകളും വില്ലേജുകളും രൂപീകരിക്കുന്ന കാര്യം സർക്കാർ സജീവമായി പരിഗണിച്ചുവരികയാണ്. ഇക്കാര്യത്തിൽ (ഏതെല്ലാം താലൂക്കുകൾ രൂപീകരിക്കണമെന്നതിനെ സംബന്ധിച്ച്) ഒരു തീരുമാനം ഉടൻതന്നെ എടുക്കുന്നതാണ്.

പുള്ളിൽ പുതിയ വില്ലേജ് ഓഫീസ് തുറക്കുന്നതിനുള്ള നടപടി

54 (865) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശൂർ ജില്ലയിൽ അന്തിക്കാട് വില്ലേജിൽ ഉൾപ്പെടുന്ന പുള്ള് പ്രദേശം (ചാഴൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന സ്ഥലം) പ്രസ്തുത വില്ലേജിൽനിന്ന് വേർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ അതിനായി എന്തു നടപടി സ്വീകരിച്ചു ;

(ബി) പുള്ളിൽ പുതിയ വില്ലേജ് ഓഫീസ് തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(സി) തൃശൂർ ജില്ലയിൽ ഗ്രൂപ്പ് വില്ലേജുകൾ നിറുത്തലാക്കുന്നതിന്റെ ഭാഗമായി പുതിയതായി എവിടെയൊക്കെയാണ് വില്ലേജ് ഓഫീസുകൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുള്ളത്?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly